# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2244** 04.11.2019 - ൽ മറുപടിക്ക്.

## റേഷൻ കടകളിൽ നിന്ന് വിതരണം ചെയ്യുന്ന സാധനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എ.എൻ. ഷംസീർ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| സംസ്ഥാനത്തെ റേഷൻ കടകളിൽ നിന്ന് വിതരണം ചെയ്യുന്ന സാധനങ്ങൾ വളരെ കാര്യക്ഷമവും സുതാര്യവുമാണെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും (കണക്റ്റിവിറ്റി ലഭ്യമാകാത്ത ഏതാനും റേഷൻ കടകളിലൊഴികെ) ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ വിതരണം നടത്തി വരുന്നു. ബയോമെട്രിക് ആതന്റിക്കേഷൻ മുഖേന യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്നതുമൂലം സുതാര്യത ഉറപ്പ് വരുത്താൻ സാധിക്കും. കൂടാതെ ഓരോ കാർഡുടമയും വാങ്ങുന്ന റേഷൻ സംബന്ധിച്ച വിവരങ്ങളും, സ്റ്റോക്കിന്റെ ലഭ്യത, സ്റ്റോക്ക് മൂവ്മെന്റ് എന്നിവ തത്സമയം തന്നെ epos.kerala.gov.in എന്ന പോർട്ടലിലൂടെ നിരീക്ഷിക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ